പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1823</u> <u>06.07.2015 ൽ മറുപടിക്ക്</u>

## മിഡ് ബ്രെയിൻ ആക്റ്റിവേഷൻ സെന്ററുകൾ തട്ടിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| എ) | സംസ്ഥാനത്ത് മിഡ് ബ്രെയിൻ ആക്റ്റിവേഷൻ സെന്ററുകൾ എന്ന പേരിലും സമാന പേരുകളിലും സ്ഥാപനങ്ങൾ ആരംഭിച്ച് തട്ടിപ്പ് നടത്തുന്നതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഇത്തരം പരാതികളിൽമേൽ സ്വീകരിച്ച നടപടിയെന്തെന്ന് അറിയിക്കുമോ ; | (ബി) | രണ്ട് പരാതികളിന്മേൽ അന്വേഷണം നടത്തി വരുന്നു. കൂടാതെ വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ലഭിച്ച ഒരു പരാതിയിന്മേൽ ക്രൈം നം. 597/2015 u/s. 420 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (സി) | നിലവിൽ സംസ്ഥാനത്ത് ഇത്തരം എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ ; ഇത്തരം കേന്ദ്രങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുള്ളത് ഏതൊക്കെ അധികൃതരാണെന്നും സ്വീകരിച്ച മാനദണ്ഡമെന്താണെന്നും വ്യക്തമാക്കുമോ ; | (സി) | 3 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയ്ക്ക് പ്രവർത്തനാനുമതി ലഭിച്ചതായി അറിവായിട്ടില്ല. |
| (ഡി) | ഇത്തരം സെന്ററുകളുടെ ആധികാരികത പരിശോധിക്കുന്നതിനും തട്ടിപ്പുകാർക്കെതിരെ ശക്തമായ നടപടിയെടുക്കുന്നതിനും ഇത്തരം തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കുന്നതിനും അടിന്തര നടപടി സ്വീകരിക്കുമോ? | (ഡി) | ഇത്തരം സെന്ററുകളുടെ ആധികാരികത പരിശോധിക്കുന്നുണ്ട്. കൂടാതെ തട്ടിപ്പുകാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

Rajani .M

സെക്ഷൻ ഓഫീസർ